**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.219 — 26.02.2018 ൽ മറുപടിക്ക്

## സാമൂഹിക ആരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഒരു സാമൂഹിക ആരോഗ്യ കേന്ദ്രം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കൊണ്ടോട്ടി സി.എച്ച്.സിയെ 23.01.2018 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.258/18/ആ.കു.വ. തീയതി 23.01.2018 പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. നിലവിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ സാമൂഹികാരോഗ്യ കേന്ദ്രം ഇല്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ;വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സ്ഥാപനങ്ങളുടെ പദവി ഉയർത്തുക, പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിനല്ല വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ഭാഗമായി നടപ്പിലാക്കിയ ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ (കൊണ്ടോട്ടി ഒഴികെ) സി.എച്ച്.സി-കൾ ഇല്ലാത്തതായിട്ടുണ്ടോ;എങ്കിൽ അത്തരം ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടിക ലഭ്യമാക്കാമോ; | (സി) | മലപ്പുറം ജില്ലയിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഇല്ല. |
| (ഡി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സി.എച്ച്.സി തുടങ്ങുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടിക പരിശോധിച്ചു വരുന്നു.<br>പുതിയ താലൂക്ക് രൂപീകരിച്ചതിന്റെ ഭാഗമായാണ് സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയാക്കിയത്. ഇത്തരം സാഹചര്യം മൂലം സി.എച്ച്.സി ബ്ലോക്കിൽ ഇല്ലാത്തയിടങ്ങളിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ